## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3076** **07.11.2019 -ൽ മറുപടിയ്ക്ക്**

### പൊതുവിദ്യാലയങ്ങളിൽ പാചകതൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.റോജി എം. ജോൺ** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ കുറഞ്ഞ വേതനത്തിൽ ജോലി നോക്കുന്ന പാചകതൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) യും ബി) യും | 150 കുട്ടികൾവരെയുള്ള സ്കൂളുകളിൽ പാചകതൊഴിലാളികളുടെ കുറഞ്ഞ ഓണറേറിയം 500 രൂപയും, 150-ൽ കൂടുതൽ ഉള്ള ഓരോകുട്ടിക്കും 25 പൈസ എന്ന തോതിൽ അധികം കണക്കാക്കി പരമാവധി ദിവസവേതനം 575/- രൂപയും എന്ന നിരക്കിൽ നൽകി വരുന്നു. കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം പാചകതൊഴിലാളികൾക്ക് നിഷ്കർഷിച്ചിരിക്കുന്ന പ്രതിമാസ ഓണറേറിയം 1000 രൂപമാത്രമാണ്. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായി കേരളത്തിലെ പാചകതൊഴിലാളികൾക്ക് വളരെ ഉയർന്ന വേതനമായ പ്രതിദിനം 500/575 രൂപ ക്രമത്തിൽ പ്രതിമാസം ശരാശരി 10,000 രൂപയിൽ കൂടുതൽ ഓണറേറിയമായി നൽകിവരുന്നു. |
| ബി) പ്രസ്തുത മേഖലയിൽ ജോലി നോക്കുന്നവർക്ക് നൽകുന്ന വേതനം എത്രയാണെന്നും,ആയത് സർക്കാരിന്റെ പ്രഖ്യാപിത ദിവസവേതന തൊഴിലാളികൾക്ക് നൽകുന്ന ദിവസവേതനത്തിന് തുല്യമാണോ എന്നും വിശദമാക്കാമോ; | | |
| സി) ഓഫീസ് അസിസ്റ്റന്റ്, തോട്ടം തൊഴിലാളികൾ, ആശുപത്രിയിലെ ക്ലീനർമാർ, ഡ്രൈവർ എന്നിവർക്ക് ദിവസം എത്ര രൂപയാണ് സർക്കാർ വേതനമായി നിശ്ചയിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | സി) | വിവരം ശേഖരിച്ചു വരുന്നു. |
| ഡി) സമൂഹത്തിൽ വളരെ പ്രയാസം അനുഭവിക്കുന്ന പാചകതൊഴിലാളികൾക്കും, കുടുംബാംഗങ്ങൾക്കും ഇ.എസ്.ഐ ആനുകൂല്യവും, ചികിത്സാ സൗകര്യവും, സൗജന്യ ഇൻഷ്വറൻസും നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | ഡി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ